**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** **10-06-2024 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തെത്തിയാൽ അതത് പോലീസ് സ്റ്റേഷനുകളിൽ അവരുടെ പേരു വിവരം രജിസ്റ്റർ ചെയ്യാറുണ്ടോ; അങ്ങനെ രജിസ്റ്റർ ചെയ്യുമ്പോൾ അവരുടെ സ്വദേശത്തെ പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് പോലുള്ള നടപടിക്രമങ്ങൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് എത്തിയാൽ തൊഴിൽ ഉടമകൾ മുഖേന അതത് പോലീസ് സ്റ്റേഷനിൽ ടിയാനെ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച്, നാളിതുവരെ കേരളത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി 4,26,519 അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ അവരുടെ നാട്ടിലെ പോലീസ് സ്റ്റേഷനുകളുടെ ഡാറ്റാബേസുമായി പരസ്പരം ഒത്തുനോക്കി വരുന്നതുമാണ്. കൂടുതൽ പരിശോധനകൾ ആവശ്യമാകുന്ന ഘട്ടത്തിൽ മറ്റ് ശാസ്ത്രീയ മാർഗ്ഗങ്ങൾ കൂടി അവലംബിക്കുന്നതാണ്. |
| (ബി) | അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ സ്വഭാവം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ ക്രിമിനൽ സ്വാഭാവമുള്ള അന്യസംസ്ഥാന തൊഴിലാളികൾ എത്രയെന്ന കണക്ക് കൈവശമുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് തൊഴിലെടുത്ത് ജീവിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളോടൊപ്പം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരും എത്തിച്ചേർന്നിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രൊഫൈൽ അവരുടെ മാതൃ സംസ്ഥാനത്തിന്റെ കുറ്റകൃത്യ ഡാറ്റാ ബേസുമായി പൊരുത്തപ്പെടുന്നതിലൂടെ അവരുടെ വിശദാംശങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു. 1126 ഓളം കേസുകളിലായി ഏകദേശം 1368 പേരെ ഇത്തരത്തിൽ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് | (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിയമ പാലകരും കുടിയേറ്റ തൊഴിലാളികളും, പ്രദേശ വാസികളും തമ്മിലുള്ള മികച്ച |

| | | | |
|---|---|---|---|
| | എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | | ആശയ വിനിമയം വളർത്തിയിടുക്കുന്നത് മൂലം ഇത്തരത്തിൽ സംശയാസ്പദമായ പ്രവർത്തനങ്ങൾ നടത്തുന്നവരെ കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിന് സഹായിക്കുന്നു. ആയതിലേയ്ക്ക്, നിയമ പാലകരും കുടിയേറ്റ തൊഴിലാളികളും തമ്മിൽ വിശ്വാസം ഉറപ്പിക്കുന്ന മൈഗ്രന്റ് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത് കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാനും ആവശ്യഘട്ടങ്ങളിൽ പോലീസിന്റെ സഹായം തേടാനും അവരെ കൂടുതൽ പ്രേരിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ